**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 416** **08-06-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കൾക്കുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോവിഡ് മഹാമാരിയുടേയും അതിനോടനുബന്ധിച്ചുള്ള ലോക്ക്ഡൗണും കാരണം സ്തംഭിച്ചുപോയിട്ടുള്ള നിർമ്മാണ മേഖലക്ക് ആശ്വാസമാകുന്ന തീരുമാനങ്ങൾ സർക്കാർ സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വില കൂടുന്നത് നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് വ്യാപനം ഈ പ്രതിസന്ധി വളരെയേറെ രൂക്ഷമാക്കുകയും ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവിതം കൂടുതൽ ദുരിതത്തിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിമന്റ്/സ്റ്റീൽ ഉത്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി വിലയിൽ ഗണ്യമായ കുറവ് വരുത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സിമന്റ് വിലയിൽ കുറവ് വരുത്തുന്നത് സംബന്ധിച്ച് കോർപ്പറേറ്റ് തലത്തിൽ കാലതാമസമില്ലാതെ തന്നെ തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് അനുബന്ധ ലോക്ക്ഡൗണിൽ ഖനനമേഖലയിലെ നിയന്ത്രണങ്ങൾക്ക് ആദ്യ ഘട്ടത്തിൽ തന്നെ സർക്കാർ ഇളവ് നൽകിയിരുന്നു. കൂടാതെ കോവിഡ് വ്യാപന ത്തോടനുബന്ധിച്ച് ഖനന മേഖലയിലെ പ്രതിസന്ധികളെയും അതിലൂടെ നിർമ്മാണ മേഖലയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെയും മറികടക്കുന്നതിന് ടി കാലയളവിലുണ്ടായിരുന്ന ഖനനാനുമതിയുടെ കാലാവധി സർക്കാർ ഒരു വർഷം കൂടി ദീർഘിപ്പിച്ചു. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിയ്ക്കാൻ ജില്ലാ തലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുമായും ഉത്പാദ കരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ നിർദ്ദേശാനുസരണം ജില്ലാ കളക്ടർമാർ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | 60 ശതമാനത്തിലധികം വില വർദ്ധിപ്പിച്ചിട്ടുള്ള അവശ്യ വസ്തുക്കളായ കമ്പി, സിമന്റ്, പി.വി.സി- ഇരുമ്പ് പൈപ്പുകൾ എന്നിവയുടെ വില കുറക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വില കൂടുന്നത് നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് വ്യാപനം ഈ പ്രതിസന്ധി വളരെയേറെ രൂക്ഷമാക്കുകയും ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവിതം കൂടുതൽ ദുരിതത്തിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിമന്റ്/സ്റ്റീൽ ഉത്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി വിലയിൽ ഗണ്യമായ കുറവ് വരുത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സിമന്റ് വിലയിൽ കുറവ് വരുത്തുന്നത് സംബന്ധിച്ച് കോർപ്പറേറ്റ് തലത്തിൽ കാലതാമസമില്ലാതെ തന്നെ തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് അനുബന്ധ ലോക്ക്ഡൗണിൽ ഖനനമേഖലയിലെ നിയന്ത്രണങ്ങൾക്ക് ആദ്യ ഘട്ടത്തിൽ തന്നെ സർക്കാർ ഇളവ് നൽകിയിരുന്നു. കൂടാതെ കോവിഡ് വ്യാപന ത്തോടനുബന്ധിച്ച് ഖനന മേഖലയിലെ പ്രതിസന്ധികളെയും അതിലൂടെ നിർമ്മാണ മേഖലയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെയും മറികടക്കുന്നതിന് ടി കാലയളവിലുണ്ടായിരുന്ന ഖനനാനുമതിയുടെ കാലാവധി സർക്കാർ ഒരു വർഷം കൂടി ദീർഘിപ്പിച്ചു. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിയ്ക്കാൻ ജില്ലാ തലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുമായും ഉത്പാദ കരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ നിർദ്ദേശാനുസരണം ജില്ലാ കളക്ടർമാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ